പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 250      19/02/2016 ൽ മറുപടിയ്ക്ക്

## പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കാൻ കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി. എ. മാധവൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിന് കീഴിൽ പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) പുരാതന സർവ്വേ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഇ-രേഖ എന്ന പേരിൽ ഒരു റെക്കോർഡ് കൺസർവേഷൻ പദ്ധതി സർവ്വെയു ഭൂരേഖയും വകുപ്പിനു കീഴിൽ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന നടപ്പാക്കി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഇ-രേഖ പദ്ധതി പ്രകാരം സർവ്വേ സംബന്ധമായ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ “Online payment gateway” വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വെ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ? | (സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവെ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം |

ഡിജിറ്റൈസേഷൻ സെൻ്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും 12 ജില്ലകളിൽ റീസർവ്വേ ഡാറ്റകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി പ്രസ്തുത സെൻ്ററുകൾ മിഷൻ്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വെ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ വാങ്ങുകയും ആയതിൻ്റെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗതിയിലുമാണ്. ഇ-രേഖ പദ്ധതി പ്രകാരം കൺസർവേഷൻ സാധ്യമാക്കിയ പുരാതന സർവ്വേ റിക്കാർഡുകൾ പുരാതന സെൻട്രൽ സർവ്വേ ഓഫീസിൽ ഇതിലേയ്ക്കായി മിഷൻ സ്ഥാപിച്ചിട്ടുള്ള സെൻട്രൽ മോഡേൺ റിക്കാർഡ് റൂമിലേയ്ക്ക് മാറ്റി സൂക്ഷിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ